# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 187

19.06.2012-ൽ മറുപടിയ്ക്ക്

**തണൽ മരങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി.യു. കുരുവിള<br>,, സി.എഫ്. തോമസ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വർദ്ധിച്ച വരുന്ന ആഗോള താപനം ലഘൂകരിക്കുന്നതിന് റെയിൽവേ പുറമ്പോക്കിലും, നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ എന്നിവയുടെ ഓരങ്ങളിലും തണൽ മരങ്ങൾ വച്ച പിടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിൽ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) ഉണ്ട് ഹരിത കേരളം നാലാം ഘട്ടം പദ്ധതിയുടെ കീഴിൽ നടപ്പിലാക്കി വരുന്ന വഴിയോരത്തണൽ, പൊതു സ്ഥാപനങ്ങളുടെ ലഭ്യമായ സ്ഥലത്തുള്ള വൃക്ഷവൽക്കരണം, ദേശീയപാതയുടെയും സംസ്ഥാന പാതയുടെയും ഇരുവശങ്ങളിലും തണൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവ നിലവിലുണ്ട്. ഇത് കൂടാതെ തിരുവനന്തപുരം റെയിൽവേ ഡിവിഷനുമായി സഹകരിച്ച് ഒരു ലക്ഷം ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു നൂതന പദ്ധതിയും ഈ വർഷം ആവിഷ്കരിച്ചിട്ടുണ്ട്. ഏഴ് ജില്ലകളിലായി ആകെ നൂറ്റി അഞ്ച് (105) റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ ഏകദേശം പത്ത് (10) ഏക്കർ സ്ഥലത്ത് വൃക്ഷവൽക്കരണം നടത്തുവാനാണ് ലക്ഷ്യമിടുന്നത്. |
| ബി) സ്കൂളുകൾ, കോളേജുകൾ, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഫലവൃക്ഷത്തൈകളും തണൽ മരങ്ങളും വച്ച പിടിപ്പിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | ബി) ഹരിത കേരളം 4-ാം ഘട്ടം പദ്ധതി പ്രകാരം സ്കൂൾ കോളേജ്തലത്തിലുള്ള വിദ്യാർത്ഥികൾക്കും, പൊതു സ്ഥലത്തും നട്ടു പിടിപ്പിക്കുന്നതിനായി ഫല വൃക്ഷതൈകളും, തണൽ മരങ്ങളും വിതരണം നടത്തിവരുന്നു.<br>അഞ്ചാം ക്ലാസ്സ് മുതൽ ഒൻപതാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കാണ് ഈപദ്ധതിയിൽ തൈ വിതരണം നടത്തിയിരുന്നത്. എന്നാൽ ഈ വർഷം മുതൽ ഒന്നാം ക്ലാസ്സ് മുതൽ ഒൻപതാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടി |

കളെയും പദ്ധതിയിൽ ഉൾപ്പെടുത്തി വിപുലീകരിക്കുകയും തൈ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ പൊതു സ്ഥലങ്ങളിൽ ഫല വൃക്ഷതൈകളും, തണൽ മരങ്ങളും വച്ചു പിടിപ്പിക്കുന്നതിന് പര്യാപ്തമാണ്.

സെക്ഷൻ ഓഫീസർ